## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.60</u>  <u>11.06.2012 ൽ മറുപടി നൽകേണ്ടിയിരുന്നത്</u>

## <u>ജനസമ്പർക്ക പരിപാടി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ബാബു. എം. പാലിശ്ശേരി | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി ഓരോ ജില്ലയിലും സംഘടിപ്പിക്കുന്നതിന് സ്റ്റേജ് ഡെക്കറേഷൻ, വാഹനം, യാത്ര ചെലവ് തുടങ്ങിയവയ്ക്ക് മൊത്തം എത്ര രൂപ ചെലവു വന്നിട്ടുണ്ട് ; | (എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി ഓരോ ജില്ലയിലും സംഘടിപ്പിക്കുന്നതിന് സ്റ്റേജ് ഡെക്കറേഷൻ, വാഹനം, യാത്ര ചെലവ് തുടങ്ങിയവയ്ക്ക് ചെലവായ തുക ചുവടെ കൊടുക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | - 841493/- രൂപ |
| കൊല്ലം | - 2094131/- രൂപ |
| പത്തനംതിട്ട | - 1898000/- രൂപ |
| ആലപ്പുഴ | - 3883474/- രൂപ |
| കോട്ടയം | - 4114498/- രൂപ |
| ഇടുക്കി | - 2100000/- രൂപ |
| എറണാകുളം | - 43700/- രൂപ |
| തൃശ്ശൂർ | - 1792756/- രൂപ |
| പാലക്കാട് | - 6764903/- രൂപ |
| മലപ്പുറം | - 2297578/- രൂപ |
| കോഴിക്കോട് | - 2369903/- രൂപ |
| വയനാട് | - 1611938/- രൂപ |
| കണ്ണൂർ | - 4333601/- രൂപ |
| കാസർഗോഡ് | - 900000/- രൂപ |
| ആകെ | - 3,50,45,975/- രൂപ |

(ബി) ജനസമ്പർക്ക പരിപാടിയ്ക്കായിട്ടുള്ള പരസ്യം നൽകിയതിലൂടെ എത്ര രൂപ ചെലവഴിച്ചു;

(ബി) ജനസമ്പർക്ക പരിപാടിയ്ക്കായിട്ടുള്ള പരസ്യം നൽകിയതിലൂടെ വിവിധ ജില്ലകളിൽ ചെലവഴിച്ച തുക ചുവടെ കൊടുക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | - സർക്കാർ തുക ചെലവഴിച്ചിട്ടില്ല |
| കൊല്ലം | - 82546/- രൂപ |
| പത്തനംതിട്ട | - 15000/- രൂപ |
| ആലപ്പുഴ | - സർക്കാർ തുക ചെലവഴിച്ചിട്ടില്ല |
| കോട്ടയം | - സർക്കാർ തുക ചെലവഴിച്ചിട്ടില്ല |
| ഇടുക്കി | - 87500/- രൂപ |
| എറണാകുളം | - സർക്കാർ തുക ചെലവഴിച്ചിട്ടില്ല |
| തൃശ്ശൂർ | - സർക്കാർ തുക ചെലവഴിച്ചിട്ടില്ല |
| പാലക്കാട് | - സർക്കാർ തുക ചെലവഴിച്ചിട്ടില്ല |
| മലപ്പുറം | - സർക്കാർ തുക ചെലവഴിച്ചിട്ടില്ല |
| കോഴിക്കോട് | - 26850/- രൂപ |
| വയനാട് | - 16105/- രൂപ |
| കണ്ണൂർ | - സർക്കാർ തുക ചെലവഴിച്ചിട്ടില്ല |
| കാസർഗോഡ് | - സർക്കാർ തുക ചെലവഴിച്ചിട്ടില്ല |
| ആകെ | - 228001/- രൂപ |

(സി) സർക്കാരിന്റെ നിലവിലുള്ള സംവിധാനം വഴി സാധാരണഗതിയിൽ നടന്നുവന്നിട്ടുള്ളതല്ലാതെ മറ്റെന്തെങ്കിലും കാര്യങ്ങൾ ജനസമ്പർക്ക പരിപാടിയിലൂടെ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ ?

(സി) ജനസമ്പർക്ക പരിപാടിയിലൂടെ പൊതുജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും സമയബന്ധിതമായി വളരെയധികം പരാതികൾ തീർപ്പാക്കുന്നതിനും കഴിഞ്ഞു. ഇതിലൂടെ

സംസ്ഥാനത്ത് ഒട്ടാകെ, 5 ലക്ഷത്തി
ലധികം പരാതികൾ ലഭിച്ചതിൽ
30.4.2012 വരെ 3,63,464 പരാതികൾ
തീർപ്പാക്കിയിട്ടുണ്ട്. ടി പരാതിക
ളുടെ അന്തസ്സത്ത ഉൾക്കൊണ്ട്
സങ്കീർണ്ണമായ വിവിധ ജനകീയ
പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി
നിലവിലുള്ള സർക്കാർ ഉത്തരവുക
ളിൽ വേണ്ട ഭേദഗതി വരുത്തുകയും
ജനക്ഷേമപരമായ മറ്റ് നടപടികൾ
സ്വീകരിക്കാനും കഴിഞ്ഞിട്ടുണ്ട്.
മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി
വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗ
നിർദ്ദേശങ്ങളിൽ ഭേദഗതി
വരുത്തിയും, ബി.പി.എൽ. ലിസ്റ്റ്
നിശ്ചയിക്കുന്നതിനുള്ള മാനദ
ണ്ഡങ്ങൾ പുനർനിശ്ചയിച്ചുകൊ
ണ്ടും, സ്ഥിരമായ അംഗവൈകല്യമു
ള്ളവർക്ക് കെ.എസ്.ആർ.ടി.സി.
ബസ്സിൽ യാത്രാ ആനുകൂല്യം ലഭി
ക്കുന്നതിന് ഓരോ വർഷവും സർട്ടി
ഫിക്കറ്റും പാസ്സും പുതുക്കുന്ന രീതി
അവസാനിപ്പിക്കുവാനും ഇതിലേ
ക്കായി ഒറ്റപ്രാവശ്യം പാസ്സ് നൽകി
യാൽ മതിയെന്നും കെ.എസ്.ആർ.
ടി.സി.യ്ക്ക് നിർദ്ദേശം നൽകികൊ
ണ്ടും, സർക്കാർ ഉത്തരവുകൾ പുറ
പ്പെടുവിച്ചിട്ടുണ്ട്.

കൂടാതെ സർക്കാർ കെട്ടിടങ്ങളിൽ അംഗവൈകല്യമുള്ളവർക്ക് സുഗമമായി പ്രവേശിക്കുന്നതിനുള്ള സൗകര്യങ്ങളും പ്രത്യേക ടോയിലറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നത് നിർബന്ധമാക്കിക്കൊണ്ടും, നാഷണൽ ബെനഫിറ്റ് സ്കീം അനുസരിച്ച് ലഭ്യമായിട്ടുള്ള മുഴുവൻ അപേക്ഷകളിലും അടിയന്തിരമായി തീരുമാനം എടുക്കാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ടും, കെട്ടിട നിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെടുന്ന 100 ച.മീറ്റർ വരെയുള്ള വീടുകൾക്ക് താല്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്ക് നൽകിക്കൊണ്ടും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 1.1.1993 മുതൽ 31.5.2012 വരെയുള്ള കാലയളവിൽ റദ്ദായ രജിസ്ട്രേഷൻ പുതുക്കുന്നതിന് അവസരം നൽകിക്കൊണ്ടും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് എല്ലാവർക്കും ഭൂമി എല്ലാവർക്കും വീട് എന്ന സമഗ്ര ഭവന നിർമ്മാണ പുനരധിവാസ പദ്ധതിക്ക് രൂപം നൽകുന്നതിനായി മന്ത്രിസഭ ഉപസമിതിയും രൂപീകരിച്ചിട്ടുണ്ട്.

---5

ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ അവലോകനം ചെയ്തതിൽ നിന്നും റീസർവ്വെ, ബി.പി.എൽ.കാർഡ് ലഭ്യമാക്കണമെന്ന ആവശ്യം, വീടു വയ്ക്കുന്നതിന് ധനസഹായം എന്നിവ സംബന്ധിച്ച പരാതികളാണ് പ്രധാനമായും ഇനി അവശേഷിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ റീസർവ്വെ സംബന്ധിച്ച പരാതികളിന്മേൽ അടിയന്തിര തീർപ്പു കല്പിക്കുന്നതിനായി വില്ലേജ് തലത്തിൽ പ്രത്യേകമായി സർവ്വെ അദാലത്ത് സംഘടിപ്പിച്ച് സമയബന്ധിതീരുമാനം കൈക്കൊള്ളാൻ റവന്യു വകുപ്പിനും, ബി.പി.എൽ. കാർഡ് ലഭ്യമാക്കുന്നതിനുവേണ്ടിയും/വീടു വയ്ക്കുന്നതിന് ധനസഹായം നൽകാനുള്ള കാര്യത്തിലും അർഹരായവരെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള ഊർജ്ജിത നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ